॥त्वं अगदः चरः॥

4. യജ്ഞദേവനെ പ്രദക്ഷിണം ചെയ്ത് ദക്ഷിണവെച്ചു പ്രാർത്ഥിച്ചു നമസ്ക്കരിക്കാം.
5. ദേവതാപ്രീതിക്കായി വിശേഷപ്പെട്ട വഴിപാടുകൾ നടത്താം.
6. അന്നദാനത്തിനു സംഭാവന നൽകി അന്നപൂർണേശ്വരിയുടെ അനുഗ്രഹം നേടാം.
7. യജ്ഞ ആചാര്യന്മാർക്ക് ആചാര്യ ദക്ഷിണ സമർപ്പിക്കാം.
8. ഭൈഷജ്യ യജ്ഞത്തിന് സൗകര്യങ്ങൾ ഒരുക്കാൻ വളണ്ടിയർമാരാകാം.
9. യജ്ഞമെന്ന ഈശ്വരീയ കാര്യത്തെ ലോകമൊട്ടുക്കും പ്രചരിപ്പിക്കാം.
10. വിദ്യാർത്ഥികൾക്ക് പഠന ഭയം /പരീക്ഷാ ഭയം അകറ്റുന്നതിനുവേണ്ടിയുള്ള ഹോമത്തിൽ പങ്കെടുക്കാം.
11. അതിവിശിഷ്ട വഴിപാടായ നെയ്ക്കുടം സമർപ്പിയ്ക്കാം.



## യജ്ഞത്തിലെ ഏറ്റവും ശ്രേഷ്ഠമായ വഴിപാട്

# നെയ്ക്കുടം സമർപ്പണം

കുടുംബത്തിലെ ഓരോ അംഗങ്ങളുടേയും സർവ്വദോഷ പരിഹാരത്തിനും, സകല ഐശ്വര്യത്തിനും വേണ്ടി നെയ്യ് നേരിട്ട് ഹോമകുണ്ഠത്തിലേക്ക് സമർപ്പിക്കുന്നതിനുള്ള അതിവിശിഷ്ടവും അത്യപൂർവ്വവുമായ അവസരം.

**700/- രൂപ**

BOOK ONLINE - www.ahaliaheritagevillage.org

യജ്ഞം ലൈവായി കാണുന്നതിന് ഈ കോഡ് സ്കാൻ ചെയ്യുക.

FOLLOW US ON YOUTUBE

| യജ്ഞം അനുഗ്രഹപീഠം | യജ്ഞാചാര്യൻ | യജ്ഞം യജമാനൻ |
| --- | --- | --- |
| **തെക്കേമഠം മൂപ്പിൽ സ്വാമിയാർ** | **വേദമൂർത്തി ബ്രഹ്മശ്രീ ശ്രീധർ അടി** | **ശ്രീ. വി.എസ്. രാംസിംഗ്** |

2021 ഏപ്രിൽ 13 മുതൽ 16വരെ യജ്ഞസന്ദേശ പ്രചരണവുമായി പാലക്കാട് ജില്ലയിലുടനീളം **യജ്ഞ മഹാരഥയാത്രകൾ.**
16ന് വൈകുന്നേരം 5 മണിക്ക് അഹല്യ ഹെറിറ്റേജ് വില്ലേജിൽ യജ്ഞരഥങ്ങളുടെ മഹാസംഗമം.


Ph: +91 9446009915
+91 8921825733

e-mail: heritage@ahaliagroup.com
Website: www.ahaliaheritagevillage.org


## കേരളത്തിലെ ഏറ്റവും വലിയ മഹായാഗം

# പാലക്കാട് അഹല്യ അഥർവ്വ വേദ ഭൈഷജ്യ യജ്ഞം

**ഏപ്രിൽ 17 മുതൽ 21 വരെ**

യജ്ഞവേദി: അഹല്യ ഹെറിറ്റേജ് വില്ലേജ്, അഹല്യ ക്യാമ്പസ്സ്, പാലക്കാട്

॥त्वं अगदः चरः॥
രോഗവിമുക്തരായി മുന്നേറൂ..



For details Whatsapp 'AVBY' to 9446009915

॥त्वं अगदः चरः॥

രോഗകാരണങ്ങളെ ദൂരെയകറ്റുക എന്ന സങ്കല്പത്തെ മുൻ നിർത്തി, കേരളത്തിൽ ഇതാദ്യമായി പഞ്ചദിവസീയ (ഏപ്രിൽ 17ന് ഉദ്ഘാടനവും 21ന് സമാപനവും) അഥർവ്വ വേദ ഭൈഷജ്യ യജ്ഞം നടക്കുന്നു. കേരളത്തിലെ ഏറ്റവും വലിയ ക്യാമ്പസ്സായ പാലക്കാട് അഹല്യ ക്യാമ്പസ്സിൽ വെച്ചാണ് അത്യപൂർവ്വവും അതിവിശിഷ്ടവുമായ അഥർവ്വ വേദ ഭൈഷജ്യ യജ്ഞം നടക്കുന്നത്.

ഭാരതത്തെ ലോക ഗുരുവാക്കി മാറ്റിയ അമൂല്യ നിധിയാണ് വേദങ്ങൾ.ഋഗ്വേദം, യജുർവേദം, സാമവേദം, അഥർവ്വ വേദം എന്നീ ചതുർവേദങ്ങൾ ഈശ്വരന്റെ നിശ്വാസമാണ് എന്നും ഈശ്വരവാണിയാണ് എന്നും ഋഷീശ്വരന്മാർ പറയുന്നു. ഈശ്വരീയ ജ്ഞാനമാണ് വേദവാണി എന്ന് വേദവ്യാസ ഋഷി മുതൽ ആദി ശങ്കരാചാര്യർ വരെയുള്ള അവതാര പുരുഷന്മാരും അഭിപ്രായപ്പെടുന്നു. എല്ലാ അറിവുകളുടെയും അടിസ്ഥാനം വേദവാണിയാണ് - ഇതാണ് ആർഷ ഭാരതീയ വീക്ഷണം.

നാലുവേദങ്ങളിലും വെച്ച് സംരക്ഷണ പ്രധാനമായ വേദം അഥർവ്വ വേദമാണ്. പ്രകൃതി സംരക്ഷണം, കൃഷി സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, രാഷ്ട്ര സംരക്ഷണം, ശാരീരിക മാനസിക രോഗങ്ങളിൽ നിന്നുമുള്ള സംരക്ഷണം എന്നിങ്ങനെ വിപുലമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ശാസ്ത്രമാണ് അഥർവ്വ വേദം. നമ്മുടെ നിത്യ ജീവിതത്തിന്റെ ഭാഗമായ ആയുർവേദ ശാസ്ത്രം പിറവിയെടുത്തത് അഥർവ്വ വേദത്തിൽനിന്നുമാണ്. അഥർവ വേദത്തിൽ നൂറുകണക്കിന് അപൂർവ ഔഷധികളെക്കുറിച്ചും അവയുടെ പ്രയോഗത്തെക്കുറിച്ചും പറയുന്നുണ്ട്. അഥർവ വേദത്തിൽ പറഞ്ഞിട്ടുള്ള ഔഷധവിജ്ഞാനീയത്തെ മന്ത്രങ്ങളുടെ അകമ്പടിയോടെ ദേവതാപ്രീതിക്കായി ഹോമിക്കുന്ന പ്രാചീന പദ്ധതി സഹസ്രാബ്ദങ്ങളായി ഭാരതത്തിൽ നിലനിന്നിരുന്നു. ഔഷധങ്ങളുടേയും പ്രകൃതിയുടേയും മനുഷ്യരുടേയും പ്രതിരോധ ശക്തി അഥവാ ഓജസ് ക്ഷയിക്കുമ്പോൾ ശാരീരിക മാനസിക രോഗങ്ങൾ കടന്നുകയറുകയും പ്രകൃതിയുടെ സന്തുലനം നഷ്ടപ്പെടുകയും ചെയ്യും.

ഈവക രോഗകാരണങ്ങളെ ദൂരീകരിക്കുന്നതിനു വേണ്ടി അഥർവവേദത്തിൽ പരാമൃഷ്ടമായ ഔഷധങ്ങളെ വിനിയോഗിക്കുകയാണ് അഥർവ വേദ ഭൈഷജ്യ യജ്ഞത്തിൽ ചെയ്യുന്നത്. അപൂർവ ഔഷധ യോഗങ്ങളെ ദേവതാ പ്രീതിക്കായി അഗ്നിയിൽ ഹോമിക്കുന്ന പ്രാചീന പദ്ധതിയാണ് ഭൈഷജ്യ യജ്ഞം. രോഗങ്ങളിൽനിന്നുമുള്ള ഭയത്തെ ഭേഷം എന്ന് പറയും, രോഗഭയത്തെ ജയിക്കുന്നതാണ് ഭേഷജം അഥവാ ഭൈഷജ്യം. അതിനുവേണ്ടിയാണ് മന്ത്രങ്ങളിലെ ഔഷധിയായ അഥർവ വേദ മന്ത്രങ്ങളെക്കൊണ്ട് ഭൈഷജ്യ യജ്ഞം ചെയ്യുന്നത്. ഇനിയൊരവസരം ലഭിക്കാത്ത അത്ര സൗഭാഗ്യമായി ഈ തലമുറക്ക് സർവ്വേശ്വരൻ കനിഞ്ഞനുഗ്രഹിച്ചതും കേരളത്തിലെ ഏറ്റവും വലിയ സാംസ്കാരിക കേന്ദ്രമായ അഹല്യ ഹെറിറ്റേജ് വില്ലേജിൽ നടക്കുന്നതുമായ ഈ പുണ്യ ജ്ഞത്തിലേക്ക് ഏവരേയും സകുടുംബം സാദരം ക്ഷണിക്കുന്നു.
പ്രാർഥിക്കുക, പങ്കെടുക്കുക, പ്രചരിപ്പിക്കുക, സേവനം ചെയ്യുക...
തന മന ധനങ്ങൾ സമർപ്പിക്കുക... സർവോപരി ആവുന്നത്ര ലോകജനതക്ക് ഈ മഹായാഗം നേരിൽക്കാണുവാൻ അവസരമുണ്ടാക്കുക.

**ആദരപൂർവ്വം**

**ഡോ. ആർ.വി.കെ. വർമ്മ**
യജ്ഞസമിതി ചെയർമാൻ

**ഞെരളത്ത് ഹരിഗോവിന്ദൻ**
ചീഫ് യജ്ഞസമിതി കോ-ഓർഡിനേറ്റർ

॥त्वं अगदः चरः॥

### അഥർവ വേദ ഭൈഷജ്യ യജ്ഞത്തിൽ എന്തെല്ലാമാണ് ഉണ്ടാവുക ?

1. പ്രകൃതിയുടെയും ഔഷധികളുടെയും വീര്യത്തെ വർധിപ്പിക്കുന്നതിന് വേദമന്ത്രങ്ങളെ കൊണ്ടുള്ള ഹോമം.
2. അഥർവ വേദത്തിൽ പറഞ്ഞിരിക്കുന്ന അതിവിശിഷ്ടമായ ഔഷധികളെക്കൊണ്ട് തയ്യാറാക്കിയ കഷായ സേവനം.
3. രോഗകാരണത്തെ ദൂരെയകറ്റുവാൻ ശക്തിയുള്ള ആയുർവേദ ഔഷധക്കൂട്ടുകളെക്കൊണ്ട്, ദേവതകളെ പ്രീതിപ്പെടുത്തുവാനുള്ള യജ്ഞം.
4. ശരീരം, മനസ്സ്, ബുദ്ധി ഇവയുടെ ഉണർവ്വിനും ഉത്സാഹത്തിനുമായി, ഋഷിമാർ കണ്ടെത്തിയ വേദമന്ത്രങ്ങളുടെ വിനിയോഗം.
5. വെള്ളം, വായു, ഭൂമി ഇവയെ പവിത്രീകരിക്കുന്നതിനുവേണ്ടി ചിട്ടപ്പെടുത്തിയ അപൂർവ അഗ്നിക്രിയയായ ഘർമം (പ്രവർഗ്യം). 30 അടിയോളം അഗ്നിയുയരുന്നതും ദൃശ്യപ്രധാനമായതുമായ ഈ ഘർമം 5 ദിവസങ്ങളിലും 3 തവണവീതം നടക്കും.
6. ഭക്തർക്കുവേണ്ടി വിശേഷമായുള്ള ഹോമപദ്ധതികൾ
7. അന്നദാനം
8. വിവിധ ഔഷധികളുടെ പ്രദർശനവും അവയുടെ ഉപയോഗവും മനസ്സിലാക്കാനുള്ള ആയുർവേദ എക്സിബിഷൻ.
9. പ്രമുഖ സന്യാസിശ്രേഷ്ഠന്മാരും ആചാര്യന്മാരും നയിക്കുന്ന ആധ്യാത്മിക പ്രഭാഷണങ്ങൾ.
3. വേദങ്ങളെക്കുറിച്ചും യാഗങ്ങളേക്കുറിച്ചുമുള്ള പ്രദർശനങ്ങൾ.
4. ഋഗ്വേദം, യജുർവേദം, സാമവേദം ഈ വേദങ്ങളുടെ അത്യപൂർവമായ പാരായണവിധികൾ മനസ്സിലാക്കുവാൻ ലക്ചർ ഡെമോൺസ്ട്രേഷൻ.
5. ഭാരതത്തിലെ പ്രമുഖരായ പുസ്തക പ്രസാധകരുടെ , സംസ്കൃതത്തിലും മലയാളത്തിലുമുള്ള ആധ്യാത്മിക ഗ്രന്ഥങ്ങളുടെ എക്സിബിഷനും വില്പനയും. അപൂർവ ഗ്രന്ഥങ്ങൾ സ്വന്തമാക്കാൻ അവസരം.
6. ഒരു വീട്ടിലേക്ക് അത്യാവശ്യം വേണ്ട ഔഷധ സസ്യങ്ങളുടെ പ്രദർശനവും വില്പനയും.
7. പ്രമുഖർ പങ്കെടുക്കുന്ന ആധ്യാത്മിക സാംസ്കാരിക സദസ്സുകൾ.

യാഗശാലാ ക്യാമ്പസ്സിൽ തന്നെ താമസസ്ഥലം ലഭ്യമാകാനും, വഴിപാടുകൾ ഓൺലൈനായി ചെയ്യുവാനും, സ്റ്റാളുകൾ ലഭിക്കാനും വളണ്ടിയറാവാനും സംഭാവനകൾ അയയ്ക്കാനും www.ahaliaheritagevillage.org വഴി ഓൺലൈൻ രജിസ്ട്രേഷൻ നിർബന്ധമാണ്. കാർ പാർക്കിംഗ് സൗകര്യം ഉണ്ടായിരിയ്ക്കും.

### ഒരാൾക്കു എങ്ങനെ ഭൈഷജ്യ യജ്ഞത്തിൽ പങ്കാളിയാകാം ?

1. യജ്ഞഭൂമിയിൽ വ്രതനിഷ്ഠയോടെ വന്നിരുന്നു യജ്ഞദേവനെ ഉപാസിക്കാം.
2. പ്രാചീന യജ്ഞപദ്ധതിയെ അടുത്തുനിന്നു കണ്ടു മനസ്സിലാക്കാം.
3. ദേവ വൈദ്യന്മാരായ അശ്വിനീദേവതകളുടെ അനുഗ്രഹത്തിനായി വിശേഷഹോമങ്ങളിൽ പങ്കെടുക്കാം.